## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1724 14.12.2012 ൽ മറുപടിയ്ക്ക്

**വികലാംഗർക്ക് വാഹനങ്ങൾ ലഭ്യമാക്കാൻ നടപടി**

ചോദ്യം

ശ്രീ. ജി.എസ്.ജയലാൽ

മറുപടി

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വികലാംഗർക്ക് വാഹനങ്ങൾ നൽകുന്നതിനുള്ള പദ്ധതികൾ എന്തൊക്കെയാണ്; ഇവ അനുവദിക്കുന്നതിലേക്ക് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (എ) കൈകൊണ്ട് പ്രവർത്തിക്കാവുന്ന ട്രൈസൈക്കിൾ, വീൽചെയർ എന്നിവയും സ്വന്തമായി മോട്ടോറൈസ്ഡ് സ്കൂട്ടർ വാങ്ങുന്നവർക്ക് 10,000/- രൂപ സബ്സിഡി നൽകുന്ന പദ്ധതിയുമാണ് സാമൂഹ്യനീതി വകുപ്പ് ഇപ്പോൾ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖാന്തിരം നടപ്പാക്കി വരുന്നത്. മുച്ചക്ര വാഹനം ആവശ്യമാണെന്ന് കാണിച്ച് സർക്കാർ ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 72000/- രൂപ വരെ വാർഷിക വരുമാനമുള്ള വികലാംഗർക്കാണ് മുച്ചക്ര വാഹനം (ട്രൈസൈക്കിൾ) നൽകുന്നത്. |
| (ബി) ഇക്കാര്യത്തിൽ പുതിയ ഏതെങ്കിലും പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ; വാഹനം ലഭ്യമാക്കൽ ഊർജ്ജിതപ്പെടുത്തുവാൻ നടപടി കൈക്കൊള്ളുമോ? | (ബി) ഇതു സംബന്ധിച്ച ഒരു പദ്ധതി രൂപരേഖ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ